## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 5044** **28/10/2016-ൽ മറുപടിയ്ക്ക്**

## ഹോർട്ടികോർപ്പിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**,, പി.കെ.അബ്ദു റബ്ബ്**<br>**,, അബ്ദുൽ ഹമീദ് പി**<br>**,, പാറക്കൽ അബ്ദുല്ല** | **ശ്രീ വി എസ് സുനിൽകുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഈസർക്കാർ അധികാരത്തിൽ വന്ന ശേഷം ഹോർട്ടികോർപ്പിന്റെ പ്രവർത്തനം ജനക്ഷേമകരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, കാർഷിക മൊത്ത വ്യാപാര വിപണികൾ, കൃഷിഭവനുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് ന്യായവില നൽകി പരമാവധി ഉൽപ്പന്നങ്ങൾ ഇടത്തട്ടുകാരെ ഒഴിവാക്കി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് വിപണനം നടത്തിവരുന്നു. ഈ കഴിഞ്ഞ ഓണക്കാലത്ത് മാർക്കറ്റ് വിലയെക്കാൾ 10% വില കൂട്ടി നൽകിയാണ് കർഷകരിൽ നിന്നും പഴം പച്ചക്കറികൾ സംഭരിച്ചത്. ഇതുമൂലം കർഷകർക്ക് ന്യായവില ഉറപ്പാക്കുവാൻ കഴിഞ്ഞു. ഉപഭോക്താക്കൾക്ക് കേരളത്തിൽ ഉൽപ്പാദിപ്പിച്ച എല്ലാ പച്ചക്കറികൾക്കും 30% സബ്സിഡിയോടുകൂടി മിതമായ നിരക്കിൽ ലഭ്യമാക്കുവാനും ഹോർട്ടികോർപ്പിന് സാധിച്ചു. ഉപഭോക്താക്കൾക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(contd.................2)

ബി) മൊബൈൽ സെയിൽസിനു വേണ്ടി വാങ്ങിയ വാഹനങ്ങൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ എവിടെയെല്ലാമാണ് വിന്യസിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ആയതിന്റെ പ്രവർത്തന നേട്ടം സംബന്ധിച്ച വിശദവിവരം നൽകുമോ;

ബി) ഉണ്ട്. മൊബൈൽ സെയിൽസിനു വേണ്ടി വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ പ്രവർത്തനം തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട്, ഇടുക്കി എന്നീ അഞ്ചു ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. റസിഡൻസ് അസോസിയേഷനുകൾ, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ചും, നഗര പ്രദേശങ്ങൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ, ജനവാസം കൂടുതലുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചും മിതമായ വിലയ്ക്ക് പഴം പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ഹോർട്ടികോർപ്പിന് സാധിച്ചുവരുന്നു. മൊബൈൽ വിൽപ്പനശാലകളുടെ പ്രവർത്തനം കൂടുതൽ നഗര പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സി) പച്ചക്കറികളുടെ ശേഖരണത്തിൽ മൊത്തക്കച്ചവടക്കാരുമായി തെറ്റായ ബന്ധം സ്ഥാപിച്ച് സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിച്ച ഗുണമേന്മയില്ലാത്ത പച്ചക്കറികളും തമിഴ്‌നാട്ടിലെ വിഷലിപ്ത പച്ചക്കറികളും കൂടിയ വിലയ്ക്ക് വാങ്ങി വിപണനം നടത്തി എന്ന പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

സി) തമിഴ്നാട്ടിൽ നിന്നും ഗുണനിലവാരമില്ലാത്ത പച്ചക്കറി വാങ്ങുന്നതും, പ്രാദേശിക കാർഷികോൽപ്പന്നങ്ങൾ വാങ്ങാതിരിക്കുകയും, നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നതും ഉൾപ്പെടെ ഗുരുതരമായ പല ക്രമക്കേടുകളും ആനയറ കാർഷിക മൊത്തവ്യാപാര വിപണിയിലും ഹോർട്ടികൾച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മൊത്ത വിതരണകേന്ദ്രത്തിലും നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പ് മുൻ മാനേജിംഗ് ഡയറക്ടറെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുകയും റീജിയണൽ മാനേജരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയുമുണ്ടായി. ഹോർട്ടികോർപ്പിലെ ക്രമക്കേടുകളെക്കുറിച്ച് കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെല്ലും, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയും അന്വേഷിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ